19.08.2023

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department
GOVERNMENT OF KERALA


Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–19/08/2023.

1. ഹോർട്ടികൾച്ചർ മേഖലയിലെ വിപണികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ചില്ലറ വിപണികൾ സ്ഥാപിക്കുന്നതിന് സമതല പ്രദേശങ്ങളിൽ 5.25 ലക്ഷം രൂപയും 35% മലയോര പ്രദേശങ്ങളിൽ 7.5 ലക്ഷം രൂപയും 50% പഴം പച്ചക്കറി ഉന്തുവണ്ടികൾക്ക് 15,000 രൂപയും 50% ധനസഹായം നൽകുന്നു. കൂടാതെ കുറഞ്ഞത് ഒരു ഹെക്ടർ വരെ വിസ്തൃതിയുള്ള നഴ്സറികൾ സ്ഥാപിക്കുന്നതിന് 7.5 ലക്ഷം രൂപയും 50% കൂൺ കൃഷിക്ക് 8 ലക്ഷം രൂപയും 40% കൂൺ വിത്ത്ല്പാദനത്തിന് 6 ലക്ഷം രൂപയും 40% ധനസഹായം നൽകുന്നു കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരളയുടെ ഓഫീസുമായി ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് മിഷൻ ഡയറക്ടർ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ- കേരള, യൂണിവേഴ്സിറ്റി പി. ഒ തിരുവനന്തപുരം- 34 എന്ന വിലാസത്തിലോ 0471 2330856, 2330867, 9188954089 എന്നീ ഫോൺ നമ്പരുകളിലോ, www.shm.kerala.gov.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

2. ഈ വർഷത്തെ ഓണം വാരാഘോഷ ഘോഷയാത്രയിൽ സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ സഞ്ചരിക്കുന്ന വെറ്ററിനറി യൂണിറ്റുകളുടെയും 1962 എന്ന നമ്പർ കോൾ സെന്ററിന്റെയും പ്രസക്തിയും നേട്ടങ്ങളും പ്രകടിപ്പിക്കുന്ന ഒരു ഫ്ളോട്ട് ആവശ്യമായ ലൈറ്റിംഗ് ശബ്ദ സംവിധാനങ്ങളോടെ ടൂറിസം വകുപ്പിന്റെ നിബന്ധനകൾക്കനുസരിച്ച് ഒരു മിനിലോറി/ലോറിയിൽ തയ്യാറാക്കി അവതരിപ്പിക്കുന്നതിന് പി ആർ ഡി യുടെ എംപാനൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ആർട്ടിസ്റ്റുകളിൽ നിന്നും അംഗീകൃത ഏജൻസികളിൽ നിന്നും സീൽ ചെയ്ത രണ്ട് കവർ ടെൻഡറുകൾ മത്സരാടിസ്ഥാനത്തിൽ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷനുകൾ ഈ മാസം 22ന് വൈകുന്നേരം 3 മണിക്ക് മുൻപായി തിരുവനന്തപുരം കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്ററിൽ ലഭ്യമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രിൻസിപ്പൽ ട്രെയിനിങ് ഓഫീസർ, ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്റർ, കുടപ്പനക്കുന്ന് പി. ഒ. തിരുവനന്തപുരം 695043 എന്ന വിലാസത്തിലോ 0471 2732918 എന്ന ഫോൺ നമ്പറിലോ ptotvm.ahd@keral.gov.in എന്ന ഇ-മെയിലിലോ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

3. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **"ആടിനെ അിറഞ്ഞാൽ ആദായം ഉറപ്പ്"** എന്ന വിഷയത്തിൽ ഈ മാസം 24ന് (24/08/2023) രാവിലെ 10.00 മുതൽ 5.00 മണി പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491- 2815454, 9188522713 എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചേയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിൻറെ കോപ്പി കൊണ്ടുവരേണ്ടതാണ്.

4. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ ശാസ്ത്രീയവിളവെടുപ്പിലുള്ള പരിശീലനം 2023 ആഗസ്റ്റ് 22,23 തീയതികളിൽ നടത്തുന്നു. വിളവെടുപ്പ്, വിവിധയിനം ടാപ്പിങ്കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ്രീതികൾ, യന്ത്രവത്കൃത ടാപ്പിങ്, ഉത്തേജകഔഷധപ്രയോഗം, നിയന്ത്രിതകമിഴ്ത്തിവെട്ട് എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്.

5. കേരള വെറ്ററിനറി സർവ്വകലാശാലയുടെ മണ്ണുത്തി മീറ്റ് ടെക്നോളജി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ **മീറ്റ് പ്രോസസിംഗ് കം പ്ലാന്റ് ഓപ്പറേഷൻ, ഹോൾസം മീറ്റ് പ്രൊഡക്ഷൻ ആന്റ് മീറ്റ് പ്രോസസിംഗ്, മീറ്റ് പ്ളാന്റ് ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്** എന്നിവയിൽ പ്രായോഗിക പരിശീലനം നൽകുന്നു. ഓൺലൈനായോ അല്ലെങ്കിൽ പോസ്റ്റൽ വഴിയോ അപേക്ഷിക്കാം. വെള്ള കടലാസ്സിൽ എഴുതി തയ്യാറാക്കിയ അപേക്ഷയോടൊപ്പം പിൻ ഉൾപ്പെടെ പൂർണ്ണമായ അഡ്രസ്സും ബന്ധപ്പെടാനുള്ള ഫോൺനമ്പർ അടങ്ങിയ ബയോഡാറ്റയും, ജനനതിയ്യതി, ജാതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ കോപ്പിയും, 10 രൂപ. സ്റ്റാമ്പ് ഒട്ടിച്ച് സ്വന്തം മേൽവിലാസം എഴുതിയ കവറും പ്രൊഫസർ ആന്റ് ഹെഡ്, മീറ്റ് ടെക്നോളജി യൂണിറ്റ്, മണ്ണുത്തി.പി.ഒ, തൃശ്ശൂർ. 680651 എന്ന വിലാസത്തിൽ അയയ്ക്കണം. അപേക്ഷ അയയ്ക്കുന്ന കവറിന് പുറത്ത് ട്രെയിനിങ്ങിന്റെ പേരെഴുതണം. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയ്യതി ആഗസ്റ്റ് 31 (31/08/2023). കൂടുതൽ വിവരങ്ങൾക്ക് - 0487 2370956, 83018 60956, 89437 84557 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തൃശ്ശൂർ വെള്ളാനിക്കരയിൽ പ്രവർത്തിക്കുന്ന കാർഷിക കോളേജിലെ ഫ്ലോറി കൾച്ചർ & ലാൻഡ്സ്കേപ്പിംഗ് വിഭാഗത്തിൽ അസിസ്റ്റൻറ്

പ്രൊഫസറിന്റെ (കരാർ നിയമനം) താൽക്കാലിക ഒഴിവുണ്ട്. യോഗ്യതകൾ സംബന്ധിച്ച വിവരം വെബ്സൈറ്റിൽ ലഭ്യമാണ്. നിർദ്ദിഷ്ട യോഗ്യതകൾ ഉള്ളവർ ഇന്ന് രാവിലെ 10 മണിക്ക് കോളേജിൽ നടക്കുന്ന വാക് ഇൻ ഇൻറർവ്യൂവിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് www.kau.in,www.cohvka.kau.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുകയോ 0487-2438302 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്.

7. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് മാസം 22ന് അക്വാപോണിക്സ് ബയോഫ്ലോക്ക് മത്സ്യകൃഷി രീതികൾ 24ന് ചിപ്പി കൂൺ കൃഷി എന്നീ വിഷയങ്ങളിൽ പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനഫീസ് 550 രൂപ. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയങ്ങളിൽ 0487 2370773 എന്ന നമ്പറിൽ ബന്ധപ്പെടുക.

8. **കാർഷിക നിർദ്ദേശം നെല്ല്** – നെല്ലിന് കതിര് വരുന്ന സമയമായാൽ പാടത്തെ വെള്ളം താഴ്ത്തിയതിനു ശേഷം വരമ്പിലെ ദ്വാരങ്ങൾ അടച്ച് വളപ്രയോഗം ചെയ്യുക. ഹ്രസ്വകാലമൂപ്പുള്ള ഇനങ്ങൾക്ക് ഏക്കറിന് 20 കിലോ യൂറിയയും 12 കിലോ പൊട്ടാഷും ചേർക്കുക. മധ്യകാലമൂപ്പുള്ള ഇനങ്ങൾ ആണെങ്കിൽ ഏക്കറിന് 40കിലോ യൂറിയയും 15 കിലോ പൊട്ടാഷും ചേർക്കുക. രോഗകീട ബാധകൾ കൂടുതലായുള്ള പ്രദേശങ്ങളിൽ യൂറിയയുടെ അളവ് മൂന്നിൽ രണ്ടു ഭാഗമായി ചുരുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം